II ഇ.ബി. XIV-കേരള നിയമസഭ /II-3

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 സെപ്റ്റംബർ 28, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധനയുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. )

6 (*61 ) വനാതിർത്തികളിലെ കൃഷിഭൂമികളുടെ സംരക്ഷണം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു)

നൽകിയ മറുപടിയിൽ, വന്യജീവികൾ വനാതിർത്തിക്കുള്ളിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് വനാതിർത്തികളിൽ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ, സ്റ്റീൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് പരിപാലിച്ചു വരുന്നുണ്ടെന്നും വന്യമൃഗങ്ങൾ ആഹാരംതേടി വനത്തിനു പുറത്തേക്ക് വരുന്നത് തടയാനായി, വനത്തിനകത്തുതന്നെ ആവശ്യമായ ജലവും ഭക്ഷണവും ഉറപ്പാക്കുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നതായും സഭയെ അറിയിച്ചു. പ്രശ്നബാധിത മേഖലകളിൽ വന്യമൃഗങ്ങൾ വനത്തിൽനിന്നും പുറത്തേക്കു വരുന്ന വിവരം എസ്.എം.എസ്-ലൂടെ പ്രദേശവാസികളെ അറിയിക്കുന്നതിന് വയനാട്, മൂന്നാർ മേഖലകളിൽ ആരംഭിച്ചിട്ടുള്ള Early Warning SMS Alert System മറ്റ് മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. കൃഷിഭൂമിയിലേയ്ക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് കാലാകാലങ്ങളിൽ വനം വകുപ്പ് ചെലവഴിക്കുന്ന ഫണ്ട് പലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി അവലോകന യോഗങ്ങളും ഫീൽഡ് പരിശോധനകളും നടത്തുന്നുണ്ടെന്നും മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിന് പ്രതിരോധ സംവിധാനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ

നടപ്പിലാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും ജനങ്ങളുടെ അഭിപ്രായങ്ങൾകൂടി സ്വരൂപിച്ചുകൊണ്ട് മറ്റ് ജില്ലകളിൽക്കൂടി അവ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വന്യജീവി ആക്രമണത്തിൽ അംഗഭംഗവും കൃഷിനാശവും സംഭവിക്കുന്നവർക്ക് പരമാവധി 75,000 രൂപയും പരിക്കുപറ്റുന്നവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചികിത്സാസഹായവും നൽകിവരുന്നുണ്ടെന്നും മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായമായി നൽകിവരുന്ന 5 ലക്ഷം രൂപയിൽ വർദ്ധനവ് വരുത്തണമെന്ന ആവശ്യം സജീവ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. വനത്തിനകത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവർക്ക് 3 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ചാണെങ്കിൽ ഒരു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകുന്നുണ്ടെന്നും കൃഷിനശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ പോരായ്മകൾ പരിഹരിച്ചുകൊണ്ട് പുതിയ ഉത്തരവിറക്കുമെന്നും വനാതിർത്തി പങ്കുവയ്ക്കുന്ന പഞ്ചായത്തുകളിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ജാഗ്രതാ സമിതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

7 (*62&*63) <u>ലഹരി വസ്തുക്കളുടെ ഉപയോഗം</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, നിലവിലുള്ള മദ്യനയം നടപ്പാക്കിത്തുടങ്ങിയശേഷം നിയമവിധേയ മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകാരണം മയക്കുമരുന്നുകളുടെ വിപണനവും ഉപഭോഗവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റേവ് പാർട്ടികൾ, കൊക്കൈൻ പാർട്ടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നവർക്കെതിരെ എക്സൈസ് വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപഭോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് യുവജനങ്ങൾക്കിടയിലും വിദ്യാർത്ഥികളിലും അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മദ്യ/മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എൻഫോഴ്സ്മെന്റ് ശക്തമാക്കിയതോടൊപ്പം എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും പ്രവർത്തിച്ചുവരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും കടത്ത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെയും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുകയും ട്രെയിൻ മുഖാന്തിരമുള്ള കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ

പരിശോധനകൾ നടത്തിവരുന്നതായും മന്ത്രി അറിയിച്ചു. ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുകയും ലഹരിക്കായി ദുരുപയോഗം ചെയ്യപ്പെടുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുക, എക്സൈസ് അക്കാദമി നവീകരിക്കുക, ലൈസൻസ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലൂടെ നിയമവിധേയമായ മദ്യം മാത്രം വിതരണം ചെയ്യുന്ന എന്ന് ഉറപ്പുവരുത്തുക, ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, ഓഫീസുകളുടെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് പുതിയ വാഹനങ്ങളും കമ്പ്യൂട്ടറുകളും മറ്റുപകരണങ്ങളും വാങ്ങി നൽകുക, ഇ-ഫയലിംഗ് സംവിധാനം പൂർണ്ണമായി നടപ്പിൽ വരുത്തുക, ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ പ്രവർത്തനത്തിന് സോഫ്റ്റ്‌വെയർ തയ്യാറാക്കുക, ജീവനക്കാർക്ക് പരിശീലനം നൽകുക, മേജർ ചെക്ക്പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുക, കൂടുതൽ ആയുധങ്ങൾ നൽകുക, ഓഫീസുകളുടെ കേന്ദ്രീകൃത പ്രവർത്തനത്തിനായി എക്സൈസ് ടവറുകൾ നിർമ്മിക്കുക തുടങ്ങിയവയിലൂടെ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടെന്നും മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയം ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന

സാമൂഹ്യശീലങ്ങളിൽനിന്നും ജനങ്ങളെ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ വിമുക്തമാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി. ലഹരിവർജ്ജന പ്രചരണത്തിന്റെ ബ്രാൻഡ് അംബാസിഡറായി പ്രവർത്തിക്കാൻ ശ്രീ. സച്ചിൻ ടെണ്ടുൽക്കർ തയ്യാറായിട്ടുണ്ട്. ബോധവത്കരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ലഹരിവിരുദ്ധ സെമിനാർ, ക്ലാസ്സുകൾ, സ്റ്റാളുകൾ തുടങ്ങിയവ എക്സൈസ് വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ എന്നിവയുമായി ചേർന്നും വിദ്യാർത്ഥി-യുവജന സംഘടനകൾ, വിവിധ എൻ.ജി.ഒ.-കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും സ്കൂൾ, കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന 1993 ലഹരിവിരുദ്ധ ക്ലബ്ബുകളെ ശക്തിപ്പെടുത്താനും കൂടുതൽ വിദ്യാലയങ്ങളിലേയ്ക്ക് ഇവ വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നു. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വിരുദ്ധ ബോധവത്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എൻ.ഡി.പി.എസ്. കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശിക്ഷാ നടപടികൾ കർശനമാക്കാനുതകുന്ന തരത്തിൽ നിയമഭേദഗതി വരുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

8 (*64) ജലദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്) നൽകിയ മറുപടിയിൽ, ജലദൗർലഭ്യം പരിഹരിക്കുന്നതിനായി കുളങ്ങൾ, തോടുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയവ സംരക്ഷിക്കുക, തടയണകൾ, റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവ നിർമ്മിക്കുക, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള കൃത്രിമ ഭൂജല സംപോഷണം നടത്തുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടുകൂടി ആവിഷ്കരിച്ച ജലനിധി രണ്ടാംഘട്ട പദ്ധതി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി മുഖേന 115 പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. മഴവെള്ളം സംഭരിച്ച് പുനരുപയോഗം നടത്തുന്നതിന് മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പരിപാടി നടപ്പിലാക്കുന്നതോടൊപ്പം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഉപയോഗിച്ച് ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ വ്യക്തിഗത കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയും 2015-16 വർഷം മുതൽ പ്രസ്തുത പദ്ധതി

വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിച്ച് ജലസൗഹാർദ്ദ വിദ്യാലയം പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ഇടവപ്പാതി മഴയുടെ ലഭ്യത കുറഞ്ഞതിനാൽ വരൾച്ച മുൻകൂട്ടിക്കണ്ടുകൊണ്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 506 മുതൽ 702 വരെയുള്ള ചോദ്യങ്ങളിൽ 155 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)